


# ടോട്ടോചാൻ വായിച്ചവർക്കും വായിക്കേണ്ടുന്നവർക്കും

**1981**ൽ പുറത്തിറങ്ങിയ 'ടോട്ടോചാൻ' എന്ന ജാപ്പനീസ് കൃതി ലോകത്തെമ്പാടുള്ള കുട്ടികളും മുതിർന്നവരുമായ വായനക്കാരെ ഒരുപോലെ ആനന്ദിപ്പിക്കുകയും ചില പ്പോൾ സങ്കടപ്പെടുത്തുകയും അതിലേറെ പ്രത്യാശാഭരി തരാക്കുകയും ചെയ്ത ഒരു പുസ്തകമാണ്. കോടിക്ക ണക്കിന് കോപ്പികൾ വിറ്റഴിഞ്ഞ ഈ പുസ്തകത്തിന്റെ മലയാള പരിഭാഷയും ഏറെ വായിക്കപ്പെട്ടിട്ടുണ്ട്. ഗ്രന്ഥ കാരിയായ തെത്സുകോ കുറോയാനഗി, തന്റെ ബാല്യ കാല സ്കൂളനുഭവങ്ങൾ പങ്കുവയ്ക്കുന്ന ഈ രചന യിലൂടെ, കുട്ടികളെ അവരുടെ നൈസർഗികതകൾക്ക് വിട്ടുകൊടുത്ത റ്റോമോ എന്ന വ്യത്യസ്തമായ വിദ്യാല യത്തെയും സൊസാകു കൊബായാഷി എന്ന മാതൃകാ അധ്യാപകനെയും ലോകത്തിന് പരിചയപ്പെടുത്തി. മത്സ രാധിഷ്ഠിതവും വ്യക്തികേന്ദ്രീകൃതവുമായ വ്യവഹാര ങ്ങൾക്കുവേണ്ടി കുട്ടികളെ രൂപപ്പെടുത്തുന്ന വ്യവസ്ഥാ പിത വിദ്യാലയങ്ങളോട് കലഹിച്ചവർക്കും ബദലുകൾ തിരഞ്ഞവർക്കും അഭയമായി മാറിയ പുസ്തകമാണ് ടോട്ടോചാൻ. സ്കൂളുകൾ യാന്ത്രികതകളുടെ ജയിലറ കളായി മാറിക്കഴിഞ്ഞ കാലത്തിരുന്നുകൊണ്ട് ടോട്ടചാനെ വീണ്ടും വായിക്കാനും വായിപ്പിക്കാനുമുള്ള ശ്രമമാണ് ഈ ലക്കത്തിലൂടെ കേരളീയം നടത്തുന്നത്, ഒപ്പം ടോട്ടോ ചാൻ അനുഭവങ്ങളുടെ ഒരു ക്രോഡീകരണവും.